(സി) ഇവരുടെ ആവശ്യങ്ങൾ അനുകൂലമായി പരിഗണിക്കാനും അംഗീകരിക്കാനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) സ്വർണ്ണതൊഴിലാളികൾ ഉൾപ്പെടെയുള്ള സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റും ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ട വർക്കുമായി ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി നിയമമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ ബില്ല് നിയമമാക്കുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ, പെൻഷൻ മുതലായവ വിശ്വകർമ്മ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതാണ്.

240(2334) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

ശ്രീ. എൻ കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വണ്ടൂർ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപയുടെ ധനസഹായം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ആനുകൂല്യം മണ്ഡലത്തിലെ എത്ര പേർക്കാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2,50,500 രൂപ.

(ബി) 176 പേർക്ക്.

241(2347) ശാസ്ത്രസാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രസാങ്കേതിക രംഗത്തെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി സഞ്ചിതനിധിയിൽ നിന്നല്ലാതെ ഫണ്ട് സ്വരൂപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly